മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

എം.എച്ച്.ആർ.എം. ഡിഗ്രി കോഴ്സ് - അഫിലിയേറ്റഡ് കോളേജുകൾ - സിലബസ് പരിഷ്കരണം 2018 - പിശകുകൾ തിരുത്തുന്നത് - എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

അക്കാദമിക് എ IV വിഭാഗം

സ.ഉ.നം. 6879/എ IV/2/2018/അക്കാദമിക് — പി.ഡി.ഹിൽസ്, തീയതി: 19/09/2018

---

വായിക്കുക:-

1. സ.ഉ.നം. 5737/എ IV/2/2018/അക്കാദമിക് തീയതി: 25.07.2018
2. 14/08/2018-ാം തീയതിയിൽ കൂടിയ എം.എച്ച്.ആർ.എം. കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.എച്ച്.ആർ.എം. ഡിഗ്രി കോഴ്സിന്റെ (2018 അഡ്മിഷൻ മുതൽ) റെഗുലേഷൻ സ്കീം, സിലബസ് എന്നിവ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ ടി സിലബസിൽ ചില പിശകുകൾ വന്നതിനാൽ, വിഷയം മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ചേർന്ന എം.എച്ച്.ആർ.എം. കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി ചർച്ച ചെയ്യുകയും, തിരുത്തലുകൾ വരുത്തിയ റെഗുലേഷൻ സ്കീം, സിലബസ് എന്നിവ മാതൃകാ ചോദ്യപേപ്പറിനൊപ്പം അംഗീകരിക്കുന്നതിനായി സർവ്വകലാശാല മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് ടി റെഗുലേഷൻ സ്കീം, സിലബസ് മാതൃകാ ചോദ്യപേപ്പറുകൾ എന്നിവ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് നാരായണൻ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്. മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ചെയർമാൻ/മെമ്പേഴ്സ് എക്സ്പേർട്ട് കമ്മിറ്റി
4. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ)
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. ഇ.ഐ. III/ ഇ.ഐ XXXVI/ ഇ.ബി. സെക്ഷനുകൾ
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sasikala.

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി എ IV/2/534/2018/അക്കാദമിക്

മഹാത്മാഗാന്ധി സർവ്വകലാശാല